കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

# ഗവണ്മെന്റ് ടെക്നിക്കൽ ഹൈസ്കൂൾ

## പ്രവേശനം 2023 – 2024

# പ്രോസ്പെക്ടസ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം
വെബ്സൈറ്റ്: www.polyadmission.org/ths

# പ്രധാന തീയ്യതികൾ

| ക്രമ നമ്പർ | വിഷയം | തീയ്യതി |
|---|---|---|
| 1 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നത് ആരംഭിക്കുന്ന തീയ്യതി | 15-03-2023 |
| 2 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന അവസാന തീയ്യതി | 05-04-2023 |
| 3 | അഭിരുചി പരീക്ഷ | 12-04-2023 ബുധൻ രാവിലെ 10 മണി മുതൽ 11.30 വരെ |
| | ഫല പ്രസിദ്ധീകരണം | 12-04-2023, 4.00 pm |
| | പരാതികൾ സമർപ്പിക്കുന്നതിനുള്ള സമയം | 13 - 04-2023 1.00 pm വരെ |
| 4 | തെരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 17-04-2023 |
| 6 | പ്രവേശന തീയ്യതി | 18-04-2023മുതൽ 30-04-2023വരെ |
| 7 | പ്രവേശനം പൂർത്തീകരിക്കുന്ന തീയതി | 31-05-2023 |
| 8 | ക്ലാസുകൾ ആരംഭിക്കുന്ന തീയ്യതി | 01-06-2023 |

# ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | പ്രോഗ്രാം | 4 |
| 2 | സംവരണം | 5 |
| 3 | പ്രവേശന യോഗ്യത | 6 |
| 4 | പ്രവൃത്തി സമയം | 6 |
| 5 | യൂണിഫോം | 6 |
| 6 | സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ | 6 |
| 7 | പ്രോസ്പക്ടസ് | 6 |
| 8 | അപേക്ഷ സമർപ്പിക്കൽ | 6 |
| 9 | തെരഞ്ഞെടുപ്പ് രീതി | 7 |
| 10 | പ്രവേശനം | 8 |
| 11 | ഫീസ് | 8 |
| 12 | ഒഴിവുള്ള സീറ്റുകൾ | 8 |
| 13 | സ്ഥാപനമാറ്റം | 9 |
| 14 | അറിയിപ്പ് | 9 |
| 15 | അനുബന്ധം – 1 | 10-19 |

# ഗവണ്മെന്റ് ടെക്നിക്കൽ ഹൈസ്കൂൾ
## പ്രവേശനം 2023-2024
## പ്രോസ്പക്ടസ്

സർക്കാർ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന 39 ഗവണ്മെന്റ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ (ടി.എച്ച്.എസ്) 2023-24 വർഷത്തേക്കുള്ള പ്രവേശന നടപടികൾ 15.03.2023 മുതൽ ആരംഭിക്കുന്നതാണ്.

## 1. പ്രോഗ്രാം:

ടെക്നിക്കൽ ഹൈസ്കൂൾ പഠനം പൊതു വിദ്യാഭ്യാസ വിഷയങ്ങൾക്ക് പുറമെ സാങ്കേതികവും ഉല്പാദനോന്മുഖമായ വിവിധ തൊഴിലുകൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതാണ്. പൊതു വിദ്യാഭ്യാസ പാഠ്യക്രമവും സാങ്കേതിക വിദ്യാഭ്യാസവും സംയോജിപ്പിച്ച് കൊണ്ട് അഭിരുചിക്കനുസരിച്ച തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിന് ഈ പ്രോഗ്രാം പ്രാപ്തരാക്കുന്നു. സാങ്കേതിക മേഖലയിലുള്ള അടിസ്ഥാന പരിജ്ഞാനവും ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിനും ഒരുത്തമ പൗരന് വേണ്ട സാമാന്യ ജ്ഞാനവും ലഭിക്കത്തക്ക പാഠ്യക്രമമാണ് ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാഭ്യാസ രീതിയെ വ്യത്യസ്തമാക്കുന്നത്. എഞ്ചിനീയറിംഗിലോ ശാസ്ത്ര സാങ്കേതിക മേഖലകളിലോ ഉപരിപഠനത്തിന് ഈ വിദ്യാഭ്യാസ പദ്ധതി ശക്തമായ അടിത്തറ നൽകുന്നതിന് ഉപകരിക്കും.

- **ടെക്നിക്കൽ ഹൈസ്കൂൾ സർട്ടിഫിക്കറ്റ് (ടി.എച്ച്.എസ്.എൽ.സി.), എസ്.എസ്.എൽ.സി., സർട്ടിഫിക്കറ്റിന് തുല്യമാണ്.**
- **ടി എച്ച് എസ്.എൽ.സി പാസ്സായ വിദ്യാർത്ഥികൾക്ക് പോളിടെക്‌നിക് പ്രവേശനത്തിന് അർഹതയുണ്ട്. കൂടാതെ പോളിടെക്നിക്കുകളിലേക്കുള്ള പ്രവേശനത്തിന് ടെക്നിക്കൽ ഹൈസ്കൂൾ പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് 10% സീറ്റ് പ്രത്യേകമായി സംവരണം ചെയ്തിട്ടുണ്ട്.**

1.1 **പ്രോഗ്രാം കാലാവധി:** 8, 9, 10 എന്നീ ക്ലാസ്സുകളിലായി ഈ പാഠ്യപദ്ധതിയുടെ കാലാവധി 3 വർഷമാണ്.

### 1.2 പഠനവിഷയങ്ങൾ:

**8-)ം ക്ലാസ്സ്** : പൊതുവിദ്യാഭ്യാസ വകുപ്പിലെ എട്ടാം ക്ലാസ്സിലെ ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾക്കൊപ്പം അടിസ്ഥാന സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതാണ്.

**9-)ം ക്ലാസ്സ്** : പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒൻപതാം ക്ലാസ്സിലെ ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾക്കൊപ്പം എഞ്ചിനീയറിംഗ് വിഷയങ്ങളും പഠിപ്പിക്കുന്നതാണ്. ഓരോ വിദ്യാർത്ഥിക്കും തെരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ / ട്രേഡിൽ പരിശീലനം നൽകുന്നതാണ്.

**10-)ാം ക്ലാസ്സ്** : പൊതുവിദ്യാഭ്യാസ വകുപ്പിലെ പത്താം ക്ലാസ്സിലെ ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾക്കൊപ്പം എഞ്ചിനീയറിംഗ് വിഷയങ്ങളും പഠിപ്പിക്കുന്നതാണ്. ഓരോ വിദ്യാർത്ഥിക്കും തെരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ / ട്രേഡിൽ പരിശീലനം നൽകുന്നതാണ്.

ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം ലഭിക്കുന്നവരുടെ ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി എട്ടാം ക്ലാസ്സിലും, ഒൻപതാം ക്ലാസ്സിലും എൻ റിച്ച് യുവർ ഇംഗ്ലീഷ് (Enrich your English) എന്ന കോഴ്സ് കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1.3 ട്രേഡ് സ്പെഷ്യലൈസേഷൻ:**

ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും ഓരോ ടി.ച്ച്.എസ്. ലും ലഭ്യമായ പ്രത്യേക ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. എട്ടാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ മാർക്ക്, വിദ്യാർത്ഥിയുടെ താല്പര്യം, പരിശീലനത്തിനുള്ള സൗകര്യങ്ങളുടെ ലഭ്യത എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് വിദ്യാർത്ഥികൾക്ക് ട്രേഡ് സ്പെഷ്യലൈസേഷൻ അനുവദിക്കുന്നത്. പത്താം ക്ലാസ്സ് വിജയിക്കുന്ന കുട്ടികൾക്ക് ട്രേഡ് രേഖപ്പെടുത്തിയ ടി.എച്ച്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിക്കും.

ഒരോ ടെക്നിക്കൽ ഹൈസ്കൂളുകളിലും അനുവദിച്ചിരിക്കുന്ന ട്രേഡ്, സ്പെഷ്യലൈസേഷന് അനുയോജ്യമായതും സ്കൂളുൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി NSQF (National Skill Qualification Framework) Level.I, Level-II സമാനമായ പ്രായോഗിക പരിശീലനവും നൽകുന്നതാണ്.

NSQF സമാനപഠന പദ്ധതിയെക്കുറിച്ച് അഡ്മിഷനുശേഷം അറിയിക്കുന്നതാണ്.

1.4 **പഠന മാധ്യമം :** പഠന മാധ്യമം ഇംഗ്ലീഷായിരിക്കും (GO(Ms) No.140/2013/G.Edn. Dt. 20.04.2013)

2. **സംവരണം:**

2.1 ഭിന്നശേഷിക്കാർക്ക് (Differently Abled) 5% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ വൈകല്യത്തിന്റെ തോത് (വൈകല്യത്തിന്റെ തോത് 40% മോ അതിൽ കൂടുതലോ ആയിരിക്കണം) രേഖപ്പെടുത്തിയ, മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റും, ഈ വൈകല്യം ടെക്നിക്കൽ ഹൈസ്കൂൾ പഠനത്തിന് തടസ്സമല്ലെന്ന കാര്യം വ്യക്തമാക്കുന്ന അസിസ്റ്റന്റ് സർജ്ജന്റേതിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങിയ സർട്ടിഫിക്കറ്റും പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

2.2 ഒരു സീറ്റ് വീതം വിമുക്ത ഭടന്മാരുടേയും രാജ്യരക്ഷാ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടേയും മക്കൾക്ക് സംവരണം ചെയ്തിട്ടുണ്ട്. വിമുക്ത ഭടന്മാരുടേയോ രാജ്യരക്ഷാ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടേയോ മക്കൾക്കുള്ള സംവരണ സീറ്റിൽ പ്രവേശനത്തിനർഹതയുള്ളവർ ബന്ധപ്പെട്ട രാജ്യരക്ഷാ ഓഫീസർ നൽകിയ ഒറിജിനൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

2.4 പട്ടികജാതി – പട്ടികവർഗ്ഗത്തിൽ പെട്ട അപേക്ഷകർക്ക് 10% സീറ്റുകൾ 8 : 2 എന്ന അനുപാതത്തിൽ സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട വേണ്ടത്ര അപേക്ഷകർ ഇല്ലെങ്കിൽ ഒഴിവുള്ള സംവരണ

സീറ്റുകൾ പട്ടികവർഗ്ഗത്തിൽ പെട്ടവർക്കും മറിച്ചും നൽകുന്നതാണ്. പട്ടികജാതി- പട്ടികവർഗ്ഗത്തിൽ നിന്നും വേണ്ടത്ര അപേക്ഷകർ ഇല്ലെങ്കിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മറ്റ് അർഹതപ്പെട്ട സമുദായങ്ങളിൽ പെട്ടവർക്കും (ഒ.ഇ.സി) വീണ്ടും ഒഴിവുള്ള പക്ഷം പൊതു റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നൽകുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ തഹസിൽദാർമാർ നൽകിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റ് പ്രവേശനസമയത്ത് ഹാജരാക്കണം. ഒ.ഇ.സി.വിഭാഗത്തിൽ പെട്ടവർ വില്ലേജ് ആഫീസർ നൽകിയ അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശനസമയത്ത് ഹാജരാക്കണം. പട്ടികജാതി-പട്ടികവർഗ്ഗത്തിലും, മറ്റ് അർഹതപ്പെട്ട സമുദായങ്ങളിൽ (ഒ.ഇ.സി) പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ഉണ്ടായിരിക്കുന്നതാണ്.

3. **പ്രവേശന യോഗ്യത :** അപേക്ഷകൻ ഏഴാം ക്ലാസ്സ് പൂർത്തീകരിച്ച് എട്ടാം ക്ലാസ്സ് പ്രവേശന യോഗ്യത നേടിയവരായിരിക്കണം.

3.1 **പ്രായ പരിധി :** 2023 ജൂൺ ഒന്നാം തീയതി 16 വയസ്സ് പൂർത്തിയാകാത്തവർ ആയിരിക്കണം.

3.2 **ശാരിരിക യോഗ്യത :** അപേക്ഷകർ തുടർച്ചയായുള്ള വർക്ക്ഷോപ്പ് പരിശീലനത്തിന് മതിയായ ശാരീരിക ക്ഷമതയുള്ളവരും സാങ്കേതിക തൊഴിലിനോട് അഭിരുചിയുള്ളവരും ആയിരിക്കണം.

4. **പ്രവൃത്തി സമയം :** പ്രവൃത്തി സമയം രാവിലെ 9 മണിമുതൽ വൈകീട്ട് 4.30 വരെ ആയിരിക്കും

5. **യൂണിഫോം :** ടെക്നിക്കൽ ഹൈസ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നിർബന്ധമാണ്. ആൺകുട്ടികൾക്ക് ലാവെൻഡർ നീല ലംബവരകളും (4mm വീതി) വെള്ള ലംബവരകളും (2mm വീതി) ചേർന്ന കളർ ഷർട്ടും നേവി ബ്ലൂ പാന്റ്സും, പെൺകുട്ടികൾക്ക് ലാവെൻഡർ നീല ലംബവരകളും (4mm വീതി) വെള്ള ലംബവരകളും (2mm വീതി) ചേർന്ന കളർ ടോപ്പും നേവി ബ്ലൂ ചുരീദാറും നേവി ബ്ലൂ കോട്ടുമാണ് യൂണിഫോമായി നിഷ്കർഷിച്ചിട്ടുള്ളത്(As per GO(Rt) No. 448/2022/H.Edn., Thiruvananthapuram dated 21/03/2022). വർക്ക്ഷോപ്പ് പരിശീലനത്തിന് നേവി ബ്ലൂ പാന്റ്സും നേവി ബ്ലൂ ഷർട്ടും നിർബന്ധമായും ധരിക്കേണ്ടതാണ് (As per GO(Rt) No. 1068/2022/H.Edn., Thiruvananthapuram dated 13/07/2022. സ്കൂൾ അധികാരികൾ നിഷ്കർഷിക്കുന്ന അനുയോജ്യമായ യൂണിഫോം അളവുകൾ നിർബന്ധമാണ്.

6. **സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ:**

6.1 രക്ഷിതാക്കളുടെ വാർഷിക വരുമാനം (GO(Ms) No. 459/2022/ HEdn, Thiruvananthapuram dated 19/09/2022 പ്രകാരം Rs. 100000/-), വർഷാവസാന പരീക്ഷയ്ക്ക് ലഭിച്ച് മാർക്ക്/ ഗ്രേഡ് (കുറഞ്ഞത് 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം) എന്നിവയെ അടിസ്ഥാനപ്പെടുത്തി 10% അർഹരായ വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

6.2 പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിൽ പട്ടികജാതി/ പട്ടിക വർഗ്ഗ/ പിന്നോക്ക സമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടെക്നിക്കൽ ഹൈസ്കൂളുകളിലും ലഭിക്കുന്നതാണ്.

7. **പ്രോസ്പക്ടസ്:** വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ് 15.03.2023 മുതൽ www.polyadmission.org/ths എന്ന വെബ്ബ് സൈറ്റിൽ ലഭ്യമാണ്.

8. **അപേക്ഷ സമർപ്പിക്കൽ (ഓൺലൈനായി ):-**

8.1 15-03-2023 മുതൽ 05-04-2023 വരെ www.polyadmission.org/ths എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ **ഓൺലൈനായി** സമർപ്പിക്കാവുന്നതാണ്. **ഒന്നിൽ കൂടുതൽ ടെക്നിക്കൽ ഹൈസ്കൂളുകളിൽ അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകൻ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് പ്രത്യേകം പ്രത്യേകം അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**

8.2 സമയ പരിധിക്ക ശേഷം ലഭിക്കുന്ന അപേക്ഷകളും അപൂർണ്ണവുമായ അപേക്ഷകളും മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

8.3 തെറ്റായ വിവരങ്ങൾ നൽകി പ്രവേശനത്തിന് ശ്രമിക്കുന്നത് കുറ്റകരവും പ്രവേശനം റദ്ദുചെയ്യുന്നതിനും കാരണമാകുന്നതുമാണ്.

8.4 സ്ഥാപനങ്ങളിൽ പ്രവേശന നടപടികൾക്കായി അദ്ധ്യാപകരെയും അനദ്ധ്യാപക ജീവനക്കാരെയും ഉൾപ്പെടുത്തി ഹെൽപ്പ് ഡെസ്കുകൾ ക്രമീകരിക്കേണ്ടതും, ഹെല്പ് ഡെസ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അതാത് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

**9. തെരഞ്ഞെടുപ്പ് രീതി:-**

യോഗ്യരായ അപേക്ഷകരിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന അഭിരുചി പരീക്ഷയുടെ (Aptitude Test) അടിസ്ഥാനത്തിൽ സംവരണ തത്വങ്ങൾക്ക് വിധേയമായാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

**9.1 അഭിരുചി പരീക്ഷ** (Aptitude Test) :- അഭിരുചി പരീക്ഷ (Aptitude Test) **12/04/2023 ബുധനാഴ്ച രാവിലെ 10 മുതൽ 11.30 വരെ** അതാത് ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്തുന്നതാണ്. **12/04/2023 വൈകീട്ട് നാലു മണിക്ക്** അഭിരുചി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷാ ഫലം സംബന്ധിച്ചുള്ള പരാതികൾ **13/04/2023 ഉച്ചയ്ക്ക് ഒരു മണിക്കു** മുൻപായി രേഖാമൂലം അതാത് ടി. എച്ച്. എസ് സൂപ്രണ്ടിനു സമർപ്പിക്കേണ്ടതാണ്.

**അനുവദിക്കപ്പെട്ട സീറ്റുകളെക്കാൾ അധികം അപേക്ഷകരുണ്ടെങ്കിൽ മാത്രമേ അഭിരുചി പരീക്ഷ** (Aptitude Test) **ഉണ്ടായിരിക്കുകയുള്ളു.**

കേരളാ സിലബസ് 7-)ം ക്ലാസ് നിലവാരത്തിലുള്ള കണക്ക്, സയൻസ്, ഇംഗ്ലീഷ്, മലയാളം, സാമൂഹ്യശാസ്ത്രം, പൊതു വിജ്ഞാനം, യുക്തിവിചാരം എന്നിവയെ അടിസ്ഥാനമാക്കി ഒബ്ജക്റ്റീവ് രീതിയിലാണ് അഭിരുചി പരീക്ഷ നടത്തുക.

9.2 പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് അതാത് സ്കൂളുകളിൽ **17/04/2023 ഉച്ചയ്ക്ക് 2 മണിക്ക്** പ്രസിദ്ധപ്പെടുത്തുന്നതാണ്.

9.3 മാർക്ക് തുല്യത വന്നാൽ പരിഹരിക്കുന്ന വിധം

i) ഇപ്രകാരം പ്രവേശനത്തിനായി യോഗ്യത പട്ടിക തയ്യാറാക്കുമ്പോൾ പരീക്ഷാർത്ഥികൾക്ക് ഒരേ മാർക്ക് ലഭിക്കുന്ന സാഹചര്യത്തിൽ ജനനതീയ്യതിയുടെ അടിസ്ഥാനത്തിൽ (പ്രായക്കൂടുതൽ ഉള്ളവർക്ക് മുൻഗണന) റാങ്ക് നിർണ്ണയിക്കുന്നതാണ്.

ii) വീണ്ടും റാങ്ക് തുല്യത നിലനിൽക്കുന്ന സാഹചര്യത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ നിലുള്ളവർക്ക് യോഗ്യത പട്ടികയിൽ മുൻഗണന നൽകുന്നതായിരിക്കും

iii) എന്നിട്ടും റാങ്ക് തുല്യത നിലനിൽക്കുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ പേരിന്റെ അക്ഷരമാലാക്രമത്തിൽ റാങ്ക് നിർണ്ണയിക്കുന്നതാണ്.

10 പ്രവേശനം

10.1 നിശ്ചയിച്ച ദിവസം തന്നെ അപേക്ഷകർ പ്രവേശനത്തിന് രക്ഷാകർത്താവിനോടൊപ്പം ഹാജരാകേണ്ടതാണ്.

10.2 വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം വയസ്സ് അടിസ്ഥാനത്തിൽ 8 -)o ക്ലാസ്സ് പ്രവേശനത്തിന് വിടുതൽ സർട്ടിഫിക്കറ്റ് (ടി സി ) നിർബന്ധമില്ല.

10.3 പ്രവേശന സമയത്തു താഴെ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്:

10.3.1 സ്കൂൾ മേധാവിയിൽ നിന്നും ലഭിക്കുന്ന എട്ടാം ക്ലാസ് പ്രവേശനത്തിന് യോഗ്യത ഉണ്ട് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

10.3.2 സ്കൂൾ മേധാവിയിൽ നിന്നും ലഭിക്കുന്ന സ്വഭാവ സർട്ടിഫിക്കറ്റ്.

10.3.3 സൈനിക സംവരണത്തിനർഹതയുള്ളവർ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ നൽകിയ സർട്ടിഫിക്കറ്റ്

10.3.4 ഭിന്ന ശേഷി വിഭാഗത്തിൽ സംവരണത്തിനർഹതയുള്ളവർ ഇത് സംബന്ധിച്ച മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

10.4 നിശ്ചിത ദിവസം പ്രവേശനത്തിന് ഹാജരാകാത്തവരെ പിന്നീട് പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

11. ഫീസ് : പ്രവേശനവുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിക്കുന്ന ഫീസ് , യഥാസമയം അടയ്ക്കേണ്ടതാണ്:--

| | | | |
|---|---|---|---|
| 11.1 | അഡ്മിഷൻ ഫീസ് | - | 50 രൂപ ആദ്യ വർഷം മാത്രം |
| 11.2 | അസ്സോസിയേഷൻ ഫീസ് /ആർട്ട്സ് ഫീസ് | - | 30 രൂപ ഓരോ വർഷവും |
| 11.3 | അത് ലറ്റിക് ഫീസ് | - | 20 രൂപ ഓരോ വർഷവും |
| 11.4 | കലണ്ടർ - മാഗസീൻ/സ്പെഷ്യൽ അമിനിറ്റീസ് ഫീസ് / ശാസ്ത്രമേള ഫീസ് | - | 30 രൂപ ഓരോ വർഷവും |
| 11.5 | പരീക്ഷാ ഫീസ് | - | 50 രൂപ ഓരോ വർഷവും |
| 11.6 | കോഷൻ ഡെപ്പോസിറ്റ് | - | 50 രൂപ ആദ്യവർഷം മാത്രം |

(വിദ്യാർത്ഥികൾ ട്യൂഷൻ ഫീസ് നൽകേണ്ടതില്ല)

12 ഒഴിവുള്ള സീറ്റുകൾ :_

12.1 പ്രവേശനം പൂർത്തീകരിച്ച ശേഷവും ടി എച്ച് എസ്സി ൽ സീറ്റുകൾ ഒഴിവുണ്ടെങ്കിൽ, ആ ഒഴിവുകളിലേക്ക് മറ്റ് ടിഎച്ച്എസ്സിലെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതാണ്.

12.2 പ്രവേശനം പൂർത്തീകരിച്ച് ആദ്യത്തെ അഞ്ച് പ്രവർത്തി ദിവസങ്ങൾകം ലഭിക്കുന്ന ഇപ്രകാരമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

12.3 സീറ്റ് ഒഴിവുള്ള ടിഎച്ച്എസ്സി ലെ സൂപ്രണ്ടിനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

12.4 വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പ്രവേശനത്തിനു ആവശ്യമായ അനുബന്ധ രേഖകൾ അടക്കം ചെയ്യേണ്ടതാണ്.

12.5 അപേക്ഷകർക്ക് റാങ്ക് ലിസ്റ്റ് പ്രകാരം ഒഴിവുകൾ നികത്തുന്നതാണ്. വീണ്ടും ഒഴിവുകളുണ്ടെങ്കിൽ (നില നിൽക്കുകയാണെങ്കിൽ) സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം ഒഴിവുകൾ നികത്തുന്നതായിരിക്കും.

13. **സ്ഥാപനമാറ്റം:-** ഒരു ടെക്നിക്കൽ സ്കൂളിൽ എട്ടാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് മറ്റൊരു ടെക്നിക്കൽ ഹൈസ്കൂളിലേക്ക് അതേ വർഷം സ്ഥാപനമാറ്റം അനുവദിക്കുന്നതല്ല. ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും അതാത് സ്ഥപനങ്ങളിൽ വരുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ / ജോയിന്റ് ഡയറക്ടർ, മേഖല കാര്യാലയം, അനുമതിയോടെ സ്ഥാപനമാറ്റം അനുവദനീയമാണ്.

14. **അറിയിപ്പ്:-**

പ്രവേശന നടപടികൾ സംബന്ധിച്ച വിവരങ്ങൾ www.polyadmission.org/ths എന്ന വെബ് സൈറ്റിൽ നൽകുന്നതാണ്. ഈ പ്രോസ്പക്ടസ്സിൽ ഉൾപ്പെടുത്താത്ത ടി.എച്ച്.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് യുക്തമായ തീരുമാനങ്ങൾ സ്വീകരിക്കുവാനുള്ള അധികാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടറിൽ (പോളിടെക്നിക് സ്കീം) നിക്ഷിപ്തമാണ്.

(ഒപ്പ്)
സീനിയർ ജോയിന്റ് ഡയറക്ടർ
(പോളിടെക്നിക് സ്കീം)
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.

**തിരുവനന്തപുരം.**

അനുബന്ധം 1

# ടെക്നിക്കൽ ഹൈസ്ക്കൂളുകളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപനം | സീറ്റുകളുടെ എണ്ണം | സ്പെഷ്യൽ ട്രേഡുകൾ | N S Q F സമാന സ്കിൽ ട്രേഡുകൾ |
|---|---|---|---|---|
| | | തിരുവനന്തപുരം ജില്ല | | |
| 1 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, നെടുമങ്ങാട്, മഞ്ച പി.ഓ. പിൻ - 695 541 ഫോൺ: 0472 2812686, 9400006460 Email: thsnedumangad@gmail.com | 120 | 1. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>2. വെൽഡിംഗ്<br>3. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>4. ടർണിംഗ്<br>5. ഇലക്ട്രോപ്ലേറ്റിംഗ്<br>6. ഫിറ്റിംഗ് | 1. ഓട്ടോമൊബൈൽ<br>2. സോളാർ എനർജി<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>4. പ്രൊഡക്ട് & മാനുഫാക്ചറിംഗ്<br>5. ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്<br>6. റിന്യൂവബിൾ എനർജി |
| 2 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, കുളത്തൂർ, ഉച്ചക്കട. പി.ഓ, നെയ്യാറ്റിൻകര, തിരുവനന്തപുരം പിൻ - 695 506 ഫോൺ: 0471 2210671, 9400006461 Email: thskulathur@gmail.com | 100 | 1. ഫിറ്റിംഗ്<br>2. സർവ്വേയിംഗ്<br>3. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>4. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>5. റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് | 1. ഓട്ടോമൊബൈൽ<br>2. എയർ കണ്ടീഷനിംഗ്<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>4. സോളാർ എനർജി<br>5. കൺസ്ട്രക് ഷൻ & ബിൽഡിംഗ് ടെക്നോളജി |
| 3 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, ശ്രീകാര്യം, എഞ്ചിനീയറിംഗ് കോളേജിനു സമീപം, തിരുവനന്തപുരം ഫോൺ: 0471 2590079 9400006462 Email: thsulloortvm@gmail.com | 50 | 1. ഫിറ്റിംഗ്<br>2. ഇലക്ട്രോണിക്സ് | 1. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>2. സോളാർ എനർജി<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| **കൊല്ലം ജില്ല** | | | | |
| 4 | സാം ഉമ്മൻ മെമ്മോറിയൽ ഗവ ടെക്നിക്കൽ ഹൈസ്കൂൾ കുളത്തുപ്പുഴ<br>പിൻ - 691 310<br>ഫോൺ : 8606251157<br>9400006463<br>Email:<br>thskulathupuzha@gmail.com | 60 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. സോളാർ എനർജി |
| 5 | ഗവ ടെക്നിക്കൽ ഹൈസ്കൂൾ എഴുകോൺ,<br>അറുപറക്കോണം.<br>പിൻ - 691 505<br>ഫോൺ: 9446318496<br>9400006516<br>Email:<br>thsezhukone@gmail.com | 120 | 1. ടർണിംഗ്<br>2. ഫിറ്റിംഗ്<br>3. വെൽഡിംഗ്<br>4. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>5. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>6. ഇലക്ട്രോണിക്സ് | 1. ഓട്ടോമൊബൈൽ<br>2. സോളാർ എനർജി<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>4. പ്രൊഡക്ട് & മാനുഫാക്ചറിംഗ്<br>5. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |
| **ആലപ്പുഴ ജില്ല** | | | | |
| 6 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കുമാരപുരം. പി. ഓ,<br>ഹരിപ്പാട്<br>പിൻ - 690 548<br>ഫോൺ: 0479 2415181<br>9400006466<br>Email:<br>35501alappuzha@gmail.com | 60 | 1. ഇലക്ട്രോണിക്സ്<br>2. വെൽഡിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |
| 7 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കാവാലം,<br>കാവാലം നോർത്ത് പി.ഓ<br>ആലപ്പുഴ.<br>പിൻ - 688 506<br>ഫോൺ: 0477 2748069<br>9400006467<br>Email:<br>gthskavalam@gmail.com | 30 | 1. ഫിറ്റിംഗ്<br>2. ഇലക്ട്രോണിക്സ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| 8 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കൃഷ്ണപുരം. പി. ഓ.<br>കായംകുളം<br>പിൻ - 690 533<br>ഫോൺ: 0479 2442883, 9400006468<br>Email:<br>thskrpm@gmail.com | 100 | 1. ടർണിംഗ്<br>2. ഫിറ്റിംഗ്<br>3. വെൽഡിംഗ്<br>4. മോട്ടോർ മെക്കാനിക്<br>5. റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഓട്ടോമൊബൈൽ<br>2. എയർ കണ്ടീഷനിംഗ്<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>4. റെഫ്രിജറേഷൻ & മെയിന്റനൻസ്<br>6. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ് |
| **കോട്ടയം ജില്ല** | | | | |
| 9 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>പാമ്പാടി<br>വെള്ളൂർ പി. ഓ.<br>കോട്ടയം<br>പിൻ - 686 501<br>ഫോൺ: 0481 2507556,<br>2505156, 9400006469<br>Email:<br>govtths@bsnl.in | 120 | 1. ടർണിംഗ്<br>2. വെൽഡിംഗ്<br>3. ഫിറ്റിംഗ്<br>4. റബ്ബർ ടെക്നോളജി<br>5. പ്രിന്റിംഗ്<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>7. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഓട്ടോമൊബൈൽ<br>2. പ്രിന്റിംഗ് & പാക്കേജിംഗ് ഇൻഡസ്ട്രി<br>3. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>4. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>5. ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് |
| 10 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കുറിച്ചി,<br>ഇത്തിത്താനം. പി. ഓ.<br>ചങ്ങനാശ്ശേരി<br>പിൻ - 686 535<br>ഫോൺ: 0481 2723092<br>9400006470<br>thskurichy@gmail.com | 45 | 1. ഫിറ്റിംഗ്<br>2. ഇലക്ട്രോണിക്സ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |
| 11 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>പാലാ,<br>പുലിയന്നൂർ. പി. ഓ.<br>കോട്ടയം<br>പിൻ - 686 573<br>ഫോൺ: 0482 2205285<br>9400006471<br>Email:<br>thspala@gmail.com | 105 | 1. ടർണിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രോണിക്സ്<br>4. ഫിറ്റിംഗ്<br>8. പ്രിന്റിംഗ്<br>5. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഓട്ടോമൊബൈൽ<br>2. പ്രിന്റിംഗ് & പാക്കേജിംഗ് ഇൻഡസ്ട്രി.<br>3. ഇലക്ട്രോണിക്സ് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>5. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| 12 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>തീക്കോയി. പി. ഓ.<br>കോട്ടയം<br>പിൻ - 686 580<br>ഫോൺ: 0482 2295554<br>9400006472<br>Email: thsteekoy@gmail.com | 45 | 1. വെൽഡിംഗ്<br>2. പ്ലംബിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. കൺസ്ട്രക്ഷൻ & ബിൽഡിംഗ് ടെക്നോളജി |
| 13 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കടപ്ലാമറ്റം. പി. ഓ.<br>കോട്ടയം<br>പിൻ - 686 571<br>ഫോൺ: 0482 2250486<br>9400006473<br>Email: thskadaplamattom@gmail.com | 30 | 1. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>2. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഓട്ടോമൊബൈൽ<br>2. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് |
| 14 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കാഞ്ഞിരപ്പള്ളി,<br>കുറുവാമൂഴി. പി. ഓ.<br>മണങ്ങല്ലൂർ, കോട്ടയം<br>പിൻ - 686 509<br>ഫോൺ: 9400006474<br>Email: govtthskanjirapally@gmail.com | 60 | 1. ഇലക്ട്രോണിക്സ്<br>2. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഓട്ടോമൊബൈൽ<br>2. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഇലക്ട്രോണിക്സ് എക്യുപ്മെന്റ് മെയിന്റനൻസ് |
| **എറണാകുളം ജില്ല** | | | | |
| 15 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>ഇലഞ്ഞി. പി. ഓ.<br>കൂത്താട്ടുകുളം<br>പിൻ - 686 665<br>ഫോൺ: 0485 2258498<br>9400006475<br>Email: gthselanji@gmail.com | 45 | 1. ഇലക്ട്രോണിക്സ്<br>2. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| 16 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, പൈൻകരപ്പിള്ളി. പി.ഓ. മുളന്തുരുത്തി എറണാകുളം പിൻ - 682 314 ഫോൺ: 0484 2742930 9400006476 Email: thsmulanthuruthy@gmail.com | 60 | 1. ഇലക്ട്രോണിക്സ്<br>2. ഇലക്ട്രിക്കൽ വയറിംഗ് & മെയിൻറനെൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. മൊബൈൽ കമ്മ്യൂണിക്കേഷൻസ് |
| 17 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, ആയവന. പി.ഓ., മൂവാറ്റുപുഴ പിൻ - 686 668 ഫോൺ: 0485 2283747 9400006477 Email: thsayavana@gmail.com | 30 | 1. ഇലക്ട്രോണിക്സ്<br>2. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഓട്ടോമൊബൈൽ<br>2. ഇലക്ട്രോണിക്സ് എക്യുപ്മെന്റ് മെയിന്റനൻസ് |
| 19 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, വാരപ്പെട്ടി, കോതമംഗലം പിൻ - 686 691 ഫോൺ: 0485 2862268 9400006478 Email: thsvarappetty@gmail.com | 45 | 1. ഇലക്ട്രോണിക്സ്<br>2. ഫിറ്റിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |
| | | **ഇടുക്കി ജില്ല** | | |
| 19 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, പുറപ്പുഴ. പി.ഓ., തൊടുപുഴ പിൻ - 685 583 ഫോൺ: 0486 2242797 9400006479 Email: thspurapuzha@gmail.com | 60 | 1. ഇലക്ട്രോണിക്സ്<br>2. മോട്ടോർ മെക്കാനിക്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഓട്ടോമൊബൈൽ<br>2. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| 20 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>വണ്ണപ്പുറം<br>കളിയാർ. പി.ഓ.,<br>ഇടുക്കി<br>പിൻ - 685 607<br>ഫോൺ: 0486 2245421<br>9400006480<br>Email:<br>thsvannappuram@gmail.com | 120 | 1. ഫിറ്റിംഗ്<br>2. പ്ലംബിംഗ്<br>3. ടർണിംഗ്<br>4. വെൽഡിംഗ്<br>5. ഇലക്ട്രോണിക്സ്<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. കൺസ്ട്രക്ഷൻ & ബിൽഡിംഗ് ടെക്നോളജി |
| 21 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>അടിമാലി. പി.ഓ.,<br>ഇടുക്കി<br>പിൻ - 685 561<br>ഫോൺ: 04864 222931<br>9400006481<br>Email:<br>gthsadimali@gmail.com | 100 | 1. ഇലക്ട്രോണിക്സ്<br>2. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>3. വെൽഡിംഗ്<br>4. ഫിറ്റിംഗ്<br>5. ടർണിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. സോളാർ എനർജി |
| **തൃശ്ശൂർ ജില്ല** | | | | |
| 22 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>തൃശ്ശൂർ,<br>സിറ്റി. പി.ഓ.,<br>ചെമ്പുകാവ്<br>പിൻ - 680 020<br>ഫോൺ: 0487 2333460<br>9400006482<br>Email:<br>thsthrissur19@gmail.com | 100 | 1. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>2. ഇലക്ട്രോണിക്സ്<br>3. മേസൺറി & കോൺക്രീറ്റ് വർക്സ്<br>4. ഫിറ്റിംഗ്<br>5. ടർണിംഗ്<br>6. വെൽഡിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. കൺസ്ട്രക്ഷൻ & ബിൽഡിംഗ് ടെക്നോളജി |
| 23 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കൊടുങ്ങല്ലൂർ. പി.ഓ.,<br>പിൻ - 680 664<br>ഫോൺ: 0480 2802974<br>9400006483<br>Email:<br>thskodungallur@gmail.com | 120 | 1. ഫിറ്റിംഗ്<br>2. ടർണിംഗ്<br>3. വെൽഡിംഗ്<br>4. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>5. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>6. അഗ്രികൾച്ചർ | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>3. ഓട്ടോമൊബൈൽ<br>4. റിന്യൂവബിൾ എനർജി<br>5. ഗ്രീൻ ഹൌസ് ടെക്നോളജി |

| | | | | |
|---|---|---|---|---|
| **പാലക്കാട് ജില്ല** | | | | |
| 24 | ഗവ: ടെക്നിക്കൽ<br>ഹൈസ്കൂൾ,<br>ഷൊർണ്ണൂർ,<br>ഗവ: പ്രസ്. പി.ഓ.,<br>പിൻ - 679 122<br>ഫോൺ: 0466 2932197<br>9400006484<br>Email:<br>thssrr@yahoo.com | 120 | 1. ഫിറ്റിംഗ്<br>2. ടർണിംഗ്<br>3. വെൽഡിംഗ്<br>4. ഇലക്ട്രോണിക്സ്<br>5. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ<br>6. ഇലക്ട്രോപ്ലേറ്റിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>4. ഓട്ടോമൊബൈൽ<br>5. റിന്യൂവബിൾ എനർജി |
| 25 | ഗവ: ടെക്നിക്കൽ<br>ഹൈസ്കൂൾ,<br>പാലക്കാട്,<br>മരുത റോഡ്. പി.ഓ.,<br>പിൻ - 678 007<br>ഫോൺ: 0491 2572038<br>9400006485<br>Email:<br>thspalakkad@gmail.com | 100 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>4. ഇലക്ട്രോണിക്സ്<br>5. മോട്ടോർ മെക്കാനിക്<br>6. റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി<br>5. റെഫ്രിജറേഷൻ & മെയിന്റനൻസ് |
| 26 | ഗവ: ടെക്നിക്കൽ<br>ഹൈസ്കൂൾ,<br>ചിറ്റൂർ. പി.ഓ.,<br>പിൻ - 678 101<br>ഫോൺ: 0492 3222174<br>9400006486<br>Email:<br>thschittur@yahoo.com | 120 | 1. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>2. ഇലക്ട്രോണിക്സ്<br>3. ഫിറ്റിംഗ്<br>4. വെൽഡിംഗ്<br>5. മോട്ടോർ മെക്കാനിക്<br>6. ടർണിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. പ്രൊഡക്റ്റ് & മാനുഫാക്ചറിംഗ്<br>5. സോളാർ എനർജി<br>6. ഗ്രീൻ ഹൗസ് ടെക്നോളജി |
| **മലപ്പുറം ജില്ല** | | | | |
| 27 | ഗവ: ടെക്നിക്കൽ<br>ഹൈസ്കൂൾ,<br>കൊക്കൂർ.പി.ഓ.,<br>മലപ്പുറം.<br>പിൻ - 679 591<br>ഫോൺ: 0494 2651971<br>9400006487<br>Email:<br>thskokkur@gmail.com | 90 | 1. ഇലക്ട്രോണിക്സ്<br>2. വെൽഡിംഗ്<br>3. മോട്ടോർ മെക്കാനിക് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി |

| | | | | |
|---|---|---|---|---|
| 28 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കുറ്റിപ്പുറം. പി.ഓ.,<br>മലപ്പുറം<br>പിൻ - 679 571<br>ഫോൺ: 0494 2608692<br>9400006488<br>Email:<br>thsktpm@gmail.com | 120 | 1. ഇലക്ട്രോണിക്സ്<br>2. മോട്ടോർ മെക്കാനിക്<br>3. ഫിറ്റിംഗ്<br>4. വെൽഡിംഗ്<br>5. ടർണിംഗ്<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യൂപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി<br>5. പ്രൊഡക്ട് & മാനുഫാക്ചറിംഗ് |
| 29 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>മഞ്ചേരി,<br>കരുവമ്പ്രം വെസ്റ്റ്.പി.ഓ.,<br>മലപ്പുറം<br>പിൻ - 676 123<br>ഫോൺ: 0483 2766185<br>9400006489<br>Email:<br>thsmji@gmail.com | 120 | 1. മോട്ടോർ മെക്കാനിക്<br>2. ഫിറ്റിംഗ്<br>3. വെൽഡിംഗ്<br>4. ടർണിംഗ്<br>5. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>6. ഇലക്ട്രോണിക്സ് | 1. ഇലക്ട്രിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യൂപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി<br>5. പ്രൊഡക്ട് & മാനുഫാക്ചറിംഗ് |
| **കോഴിക്കോട് ജില്ല** | | | | |
| 30 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കോഴിക്കോട്,<br>വെസ്റ്റ് ഹിൽ. പി.ഓ.,<br>പിൻ - 673 005<br>ഫോൺ: 0495 2380119<br>9400006490<br>Email:<br>thswesthill@gmail.com | 100 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ടർണിംഗ്<br>4. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>5. റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്<br>6. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഇലക്ട്രിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്ട് & മാനുഫാക്ചറിംഗ്<br>3. ഓട്ടോമൊബൈൽ<br>4. എയർ കണ്ടീഷനിംഗ്<br>5. റെഫ്രിജറേഷൻ & മെയിന്റനൻസ് |
| 31 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>വടകര,<br>നട്ട് സ്ട്രീറ്റ് PO,<br>കോഴിക്കോട്.<br>പിൻ - 673 104<br>ഫോൺ: 0496 2523140<br>9400006491<br>Email:<br>Gths31vatakara@gmail.com | 100 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ടർണിംഗ്<br>4. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>5. ഇലക്ട്രോണിക്സ്<br>6. മോട്ടോർ മെക്കാനിക് | 1. ഇലക്ട്രിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യൂപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്<br>5. പ്രൊഡക്ട് & മാനുഫാക്ചറിംഗ് |

| | | | | |
|---|---|---|---|---|
| 32 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>പയ്യോളി,<br>അയനിക്കാട്. പി.ഓ.,<br>പിൻ - 673 521<br>ഫോൺ: 0496 2603299<br>9400006492<br>Email:<br>thspayyoli@gmail.com | 80 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>4. മോട്ടോർ മെക്കാനിക് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഓട്ടോമൊബൈൽ<br>3. സോളാർ എനർജി<br>4. ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് |
| **കണ്ണൂർ ജില്ല** | | | | |
| 33 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>നടുവിൽ. പി.ഓ.,<br>തളിപ്പറമ്പ്.<br>പിൻ - 670 582<br>ഫോൺ: 0460 2251091<br>9400006493<br>thsnaduvil@yahoo.in | 60 | 1. ഇലക്ട്രോണിക്സ്<br>2. മോട്ടോർ മെക്കാനിക്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഓട്ടോമൊബൈൽ |
| 34 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>കണ്ണൂർ,<br>തോട്ടട. പി.ഓ.,<br>പിൻ - 670 007<br>ഫോൺ: 0497 2835260<br>9400006494<br>Email:<br>thsthottada@gmail.com | 120 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ടർണിംഗ്<br>4. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>5. ഇലക്ട്രോണിക്സ്<br>6. മോട്ടോർ മെക്കാനിക്<br>7. റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്ട് & മാനുഫാക്ചറിംഗ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. ഓട്ടോമൊബൈൽ<br>5. എയർ കണ്ടീഷനിംഗ്<br>6. റെഫ്രിജറേഷൻ & മെയിന്റനൻസ് |
| 35 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ,<br>നെരുവമ്പ്രം,<br>പഴയങ്ങാടി.<br>പിൻ - 670 303<br>ഫോൺ: 0497 2871789<br>9400006495<br>Email:<br>thsneruvambram@gmail.com | 100 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>4. ഇലക്ട്രോണിക്സ്<br>5. മോട്ടോർ മെക്കാനിക് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി |

| | | | | |
|---|---|---|---|---|
| കാസർഗോഡ് ജില്ല | | | | |
| 36 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രല്പുത്തൂർ. പി.ഓ., ബദ്രഡുക<br>പിൻ - 671124<br>ഫോൺ: 04994 232969<br>9400006496<br>Email: thsmogralputhur@gmail.com | 60 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>4. ഇലക്ട്രോണിക്സ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് |
| 37 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, ചെറുവത്തൂർ. പി.ഓ.,<br>പിൻ - 671 313<br>ഫോൺ: 0467 2260210<br>9400006497<br>Email: gthscheruvathur@gmail.com | 120 | 1. ഫിറ്റിംഗ്<br>2. വെൽഡിംഗ്<br>3. ടർണിംഗ്<br>4. ഇലക്ട്രോണിക്സ്<br>5. മോട്ടോർ മെക്കാനിക്<br>6. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. പ്രൊഡക്ട് & മാനുഫാക്ചറിംഗ്<br>3. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>4. ഓട്ടോമൊബൈൽ |
| വയനാട് ജില്ല | | | | |
| 38 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, മാനന്തവാടി, നല്ലൂർനാട്. പി.ഓ.,<br>പിൻ - 670 645<br>ഫോൺ: 04935 241322<br>9400006498<br>Email: thsmanathavady@gmail.com | 60 | 1. ഫിറ്റിംഗ്<br>2. ഇലക്ട്രോണിക്സ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഗ്രീൻ ഹൌസ് ടെക്നോളജി |
| 39 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, മൈസൂർ റോഡ്, സുൽത്താൻ ബത്തേരി<br>പിൻ - 673 592<br>ഫോൺ: 04936 220147<br>9400006499<br>Email: thssulthanbathery@gmail.com | 100 | 1. വെൽഡിംഗ്<br>2. ഇലക്ട്രോണിക്സ്<br>3. ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്<br>4. ഫിറ്റിംഗ്<br>5. മെയിന്റനൻസ് ഓഫ് ടൂ വീലർ & ത്രീ വീലർ | 1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്<br>2. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്<br>3. ഓട്ടോമൊബൈൽ<br>4. സോളാർ എനർജി<br>5. റിന്യൂവബിൾ എനർജി |